ഉണക്കമത്സ്യവിൽപ്പന പ്രോത്സാഹിപ്പിക്കാൻ പദ്ധതി

191(399) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉണക്കമത്സ്യം ഉല്പാദിപ്പിക്കുന്നതിന് നിലവിൽ സർക്കാർ എന്തെങ്കിലും സഹായങ്ങളോ നിർദ്ദേശങ്ങളോ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) തീരപ്രദേശങ്ങളിൽ മത്സ്യഫെഡിന്റെ വാഹനങ്ങളിൽ മത്സ്യം വിൽക്കുന്നതുപോലെ ഹൈറേഞ്ച് മേഖലയിൽ ഉണക്കമത്സ്യവിൽപ്പന മത്സ്യ ഫെഡ് വഴി പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇത്തരം ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) വ്യക്തമാക്കാം. താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു:

1. കൊല്ലത്ത് ശക്തികുളങ്ങരയിൽ സുനാമി പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഒരു ഉണക്കമീൻ സമുച്ചയം പ്രവർത്തിച്ചു വരുന്നു.നല്ല ഗുണനിലവാരമുള്ള സോളാർ ഡ്രൈയറാണ് ഇവിടെ സ്ഥാപിച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഉൽപന്നം ഇവിടെ കൊണ്ടുവന്ന് ശുചിത്വമുള്ള ചുറ്റുപാടിൽ ഗുണമേന്മ നിലനിർത്തി വളരെ വേഗം ഉണക്കിക്കൊണ്ട് പോകുന്നതിനുള്ള സൗകര്യം ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്.

2. മത്സ്യഫെഡ് മുഖേന സ്വയം സഹായഗ്രൂപ്പുകൾക്ക് മൈക്രോ ഫൈനാൻസ് വായ്പാ നൽകി ഉണക്കമീൻ ഉല്പാദനത്തെ സഹായിക്കുന്നു. കൂടാതെ എസ്.ജി.എസ്.വൈ. പ്രകാരം ഗുണഭോക്താക്കൾക്ക് ഉണക്കമത്സ്യ ഉല്പാദനത്തിനുള്ള പരിശീലനവും, ധനസഹായവും മത്സ്യഫെഡ് മുഖേന നൽകി വരുന്നു.

3. സാഫ് മുഖേന കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ സുനാമി പദ്ധതി പ്രകാരം ഉണക്കമീൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഈ പ്രോജക്ടിനുവേണ്ടി 34 ലക്ഷം രൂപയാണ് ചെലവഴിച്ചത്. സാഫിന്റെ മറ്റൊരു പദ്ധതിയാണ് മൂല്യ വർദ്ധിത മത്സ്യ ഉല്പന്ന പദ്ധതി. ഈ പദ്ധതി പ്രകാരം 93 യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. ഇതിനായി ഇതുവരെ 127 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഉണക്കമീനാണ് പ്രധാന ഉല്പന്നം .

മേൽപ്പറഞ്ഞവയ്ക്കു പുറമെ, ഉണക്കമീൻ സമുച്ചയങ്ങൾ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഏഴു യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് ദേശീയ മത്സ്യ വികസന ബോർഡിനു സമർപ്പിച്ചിട്ടുമുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly